# സ്നേഹം നഷ്ടപ്പെടുന്ന സമൂഹം

എ.മോഹൻകുമാർ

'സ്നേഹമാണഖിലസാരമൂഴിയിൽ............' എന്നു പാടിയ കവിയുടെ കാല്ക്കൽ നാം നമിക്കുക. ഇന്നത്തെ തിരക്കും ആർത്തിയും പിടിച്ച ജീവിതത്തിൽ മറ്റെന്തൊക്കെയോ നേടാനായി നാം പരക്കം പായുമ്പോൾ അടിസ്ഥാനപരമായി നമുക്കു നഷ്ടപ്പെടുന്നത് സ്നേഹമാകുന്നു. നാം നേട്ടങ്ങൾ കൊയ്യാനായി നടത്തുന്ന ശ്രമങ്ങളെല്ലാം ഓരോ വ്യക്തിയേയും കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും അകറ്റുന്നു. അഭിപ്രായ വ്യത്യാസങ്ങളെ സഹിഷ്ണുതയോടെ കാണുവാൻ നമുക്കാവുന്നില്ല. വ്യത്യസ്തമായ അഭിപ്രായമുള്ളവരെ നാം അകറ്റി നിർത്തുന്നു. സ്നേഹപൂർവ്വം, ശരിയെങ്കിൽ, നമ്മുടെ അഭിപ്രായങ്ങളിലേക്ക് അടുപ്പിക്കേണ്ടവരെ കൂടി ഒരു ചർച്ചക്കു പോലും പഴുതു നല്കാതെ ആട്ടിയകറ്റുന്നു. അതോടെ അപരൻ സ്വന്തം അഭിപ്രായം സ്ഥാപിച്ചെടുക്കുവാൻ പകയോടെയും വിദ്വേഷത്തോടെയും പരിപാടികൾ ആവിഷ്കരിക്കുന്നു. ഒരേ കാര്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവർ, ഒരേ നിലപാടുകൾ ഉള്ളവർ പോലും ചേരിതിരിഞ്ഞ് സ്വന്തം സംഘങ്ങളുണ്ടാക്കി പൊതുശത്രുവിനെക്കാൾ വാശിയോടെ എതിരഭിപ്രായക്കാരനെ തറപറ്റിക്കാൻ ഊർജ്ജം പാഴാക്കുന്നു. നമ്മുടെ മനസ്സും ശരീരവും മാറാവ്യാധികൾക്കടിപ്പെടുകയും ഒന്നിച്ചു നിന്ന് പൊരുതി സാമൂഹികൈശ്വര്യം നേടേണ്ടത് ഒറ്റപ്പെട്ട ചടങ്ങു പ്രവർത്തനങ്ങളായി അധഃപതിക്കുന്നു. രാവും പകലും എതിരഭിപ്രായക്കാരനെ തറപറ്റിക്കുവാനുള്ള ചിന്തകൾ കൊണ്ടു നടക്കുന്ന മനുഷ്യർ സ്വന്തം വീട്ടിലും പകയും വിദ്വേഷവും വളർത്തുന്നു. ഭാര്യക്ക്, മക്കൾക്ക്, അച്ഛന്, അമ്മക്ക്, ഭർത്താവിന് പകർന്നു കൊടുക്കേണ്ട സ്നേഹം പോലും പണം കൊണ്ടോ, ഉപഭോഗവസ്തുക്കൾ സമ്മാനിച്ചിട്ടോ വേഗത്തിൽ കൈപ്പിടിയിലാക്കാമെന്ന സൂത്രവിദ്യയിൽ ഒതുക്കുന്നു.

സ്നേഹം കിട്ടാതെ അലയുന്ന എത്ര മക്കളെ വേണമെങ്കിലും നമ്മുടെ ചുറ്റുമിന്ന് കാണാം. നാം മക്കൾക്കു പോലും സ്നേഹം നല്കാതെ പിശുക്കു കാണിക്കുന്നു. വലിയ വീടും വാഹനവും ഇലക്ട്രോണിക് ഉപകരണവും എല്ലാം സമ്മാനിക്കുവാൻ കഴിയുന്ന പ്രവാസികൾക്ക് അവർക്കു ലഭിക്കേണ്ട സ്നേഹം യഥാർത്ഥത്തിൽ കുടുംബത്തിൽ നിന്നും ലഭിക്കുന്നുണ്ടോ? ഗൾഫിൽ പണിയെടുത്ത് ആറ്റുനോറ്റിരുന്ന് അവധിയിൽ വരുന്ന പ്രവാസികളുടെ വീടുകളിലേക്ക് ഇന്ന് ബന്ധുക്കളും സുഹൃത്തുക്കളുമായി ചെല്ലുന്നവർ സൗഹൃദങ്ങളേക്കാളുപരി അവർ കൊണ്ടുവരുന്ന കൗതുകവസ്തുക്കളോട് ഭ്രമം പൂണ്ടാണ് അവരെക്കാണാൻ എത്തുന്നത്. വിമാനത്താവളത്തിലെത്തി ലഗ്ഗേജിന്റെ വലുപ്പം തിട്ടപ്പെടുത്തി വീട്ടിലെത്തിയാൽ അയാൾക്കൊന്നു വിശ്രമിക്കാൻ പോലും സമയം നൽകാതെ പെട്ടികൾ തുറക്കുന്നതു പാർത്ത് കഴിയുന്നവരെ കാണാം. ദീർഘകാലം പിരിഞ്ഞു കഴിയുന്ന ഭാര്യയെ, ഭർത്താവിനെ, മക്കളെപ്പോലും ഒന്നു കണ്ട് സ്നേഹം പങ്കിടാനവസരം നല്കാതെ, തങ്ങൾക്കുള്ളത് എന്ത് എന്നന്വേഷിക്കുന്ന ബന്ധങ്ങൾ. ഉപഭോഗവസ്തുക്കളോടുള്ള ഒടുങ്ങാത്ത ആർത്തി നമ്മുടെ സമൂഹത്തെ കീഴ്പ്പെടുത്തുന്നു. കൂട്ടുകുടുംബങ്ങളിൽ നിന്നും വേർപിരിയുവാനും അണുകുടുംബങ്ങളായി വേറിട്ടു നില്ക്കുവാനും നമ്മെ പ്രേരിപ്പിക്കുന്നത് പലപ്പോഴും നമ്മേക്കാൾ ദുർബലരായവർ വീട്ടിലുണ്ടാകുമ്പോൾ അവർക്കു കൂടി വരുമാനം പങ്കുവയ്ക്കേണ്ടി വരുമല്ലോ എന്ന ആശങ്കയാണ്. വർദ്ധിച്ചു വരുന്ന സ്ത്രീധന പീഡനങ്ങൾ ധനത്തോടുള്ള ഒടുങ്ങാത്ത ആർത്തി മൂലമാണ്. പക്ഷെ, ആത്തരം മനുഷ്യർ അറിയുന്നില്ല സമൂഹം- അതേ അവരെപ്പോലെയുള്ളവർ തന്നെയെങ്കിലും- അവരോട് എത്ര സമീപനമാണ് കൈക്കൊള്ളുന്നത് എന്ന്. എങ്കിലും ധനമുണ്ടാക്കിയാൽ എന്തും നേടാം എന്ന മിഥ്യാബോധം നമ്മെ വീണ്ടും വീണ്ടും ബദ്ധപ്പാടുകളിലേക്ക് വലിച്ചിഴയ്ക്കുന്നു. പണത്തിനു വേണ്ടി പരക്കം പാച്ചിൽ നടത്തുന്നവർക്ക് നഷ്ടപ്പെടുന്നത് ഒരു ജീവിതമായിരിക്കും. ഭർത്താവിന്റെ സ്നേഹം കിട്ടാത്ത ഭാര്യ ഒരു നാൾ സ്നേഹം പ്രകടിപ്പിച്ചു വരുന്ന മറ്റൊരു പുരുഷന് കീഴടങ്ങുന്നു. ഒന്നുകിൽ അവരുടെ ധനത്തിൽ, അല്ലെങ്കിൽ ശരീരത്തിൽ മാത്രം ആഗ്രഹം വച്ചു വരുന്ന ഇവർ എത്ര കുടുംബങ്ങളെയാണ് തകർത്തത്?

അച്ഛന്റെയും അമ്മയുടേയും സ്നേഹത്തിനു പകരം വാരിക്കോരിക്കൊടുക്കുന്ന പണവുമായി മക്കൾ മയക്കുമരുന്നിനും മദ്യത്തിനും അടിമകളാകുന്നു. കൗമാരത്തിൽ സഹജമായി തോന്നുന്ന ആൺ-പെൺ അടുപ്പം ലഹരി ശമിക്കുമ്പോൾ തിരസ്കൃതമാകുന്നു. കൂടുതലും പെൺകുട്ടികളാണ് ഇതിന് ഇരകളായി മാറുന്നത്. കേവലമായ ആൺ-പെൺ സൗഹൃദത്തെപ്പോലും അപവാദങ്ങളിൽ മുക്കിക്കൊല്ലുന്നു. നിവൃത്തി കെടുമ്പോൾ, സ്വന്തംകാലിൽ നില്ക്കാൻപോലും പ്രാപ്തിയില്ലാത്തവർ ഒളിച്ചോടുകയോ, ആത്മഹത്യ ചെയ്യുകയോ ചെയ്യുന്നു. പിന്നീട് നമുക്കവർ ഒരു സാധാരണ വാർത്ത മാത്രമാകുന്നു. കുടുംബത്തിന് ഒരിക്കലും ഒടുങ്ങാത്ത ദുഃഖവും. ഒരു പക്ഷെ, ഒരച്ഛൻ, അമ്മ, സുഹൃത്ത് അവരെ സ്നേഹത്തോടെ, ക്ഷമയോടെ, ഭീഷണിയുടെ സ്വരമില്ലാതെ, ഉപദേശിക്കുവാനുണ്ടാകുമായിരുന്നുവെ

(ശേഷം ആറാം പേജിൽ)

# സ്നേഹം നഷ്ടപ്പെടുന്ന സമൂഹം

അഞ്ചാം പേജ് തുടർച്ച

ങ്കിൽ ആത്മഹത്യയിൽ നിന്നും നമുക്ക് ആയിരങ്ങളെ രക്ഷിക്കുവാൻ കഴിയുമായിരുന്നു. കാര്യങ്ങൾ ക്ഷമയോടെ മനസ്സിലാക്കി കൊടുക്കുകയാണ് നാം ചെയ്യേണ്ടത്.

സാമ്പത്തികമായി ബുദ്ധിമുട്ടുള്ളവരെ മനസ്സറിഞ്ഞു സഹായിക്കുന്നതിന് നമുക്ക് കഴിയണം. നമ്മുടെ ബന്ധുക്കൾക്ക് മിത്രങ്ങൾക്ക്, അയൽക്കാർക്ക് ഒക്കെ ഇത്തരം സഹായം എത്ര ആവശ്യമായിരിക്കുമെന്നോ? ആർഭാടങ്ങൾക്കായി നാം ധൂർത്തടിക്കുന്ന പണം ഒരാളുടെയെങ്കിലും ജീവിതത്തിനുതകുമെങ്കിൽ എത്ര നന്നാകുമായിരുന്നു.

(ശേഷം അടുത്ത ലക്കത്തിൽ)